II ഇ.ബി. XIII- കേരള നിയമസഭ/XV-11

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 17, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

25 (*301) റോഡ് അപകടങ്ങൾ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, വാഹനങ്ങളിൽ സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കൽ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്

ശക്തിപ്പെടുത്തൽ, റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ സ്ഥാപിക്കൽ, ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകൽ, മദ്യപിച്ചും അശ്രദ്ധമായും വാഹനമോടിക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യൽ തുടങ്ങിയ റോഡ് സുരക്ഷാ നടപടികൾ ഊർജ്ജിതമാക്കിയതിന്റെ ഫലമായി റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ മുൻഗണനാക്രമത്തിൽ നടപ്പാക്കുന്നതാണ്. കമ്മിറ്റി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നതുമൂലമുണ്ടാകുന്ന രാത്രികാല അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ബെയറബിൾ സ്ലീപ്പിംഗ് അലാറം നിർബന്ധമാക്കുന്നതാണ്. ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മോട്ടോർ വാഹന വകുപ്പ്, പോലീസ്, വിദ്യാഭ്യാസം, നാറ്റ്പാക്, ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേന പ്രസ്തുത പരിപാടികൾ നടത്തിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാലയങ്ങളിൽ ട്രാഫിക് റൂൾസ് പഠിപ്പിക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നതു സംബന്ധിച്ച് ആലോചിച്ചുവരികയാണ്. ഹോട്ട് സ്പോട്ടുകളിൽ സൈനേജുകൾ സ്ഥാപിക്കുന്നതാണെന്നും ഡ്രൈവർമാരുടെ കാഴ്ച തടസ്സപ്പെടുത്തുന്ന രീതിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ആഭ്യന്തര

വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഭാരമേറിയ വാഹനങ്ങൾ സ്പീഡ് ട്രാക്കിലൂടെ പോകുന്നതും ഇടതുവശത്തുകൂടിയുള്ള ഓവർടേക്കിംഗും തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് കൃത്യമായി ചെലവഴിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*302) <u>മുഖ്യപരിഗണനാ വിഷയങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, 17.11.2015, 10.12.2015 തീയതികളിൽ തിരുവനന്തപുരത്തും ഡൽഹിയിലുമായി ചേർന്ന എം.പി.മാരുടെ അവലോകന യോഗങ്ങളിൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം, റബ്ബർ വിലയിടിവ്, ആദിവാസി മേഖല, വിദ്യാഭ്യാസ വായ്പകളുടെ തിരിച്ചടവ്, ഭൂമി ഏറ്റെടുക്കൽ, കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ മുഖ്യപരിഗണനാ വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാര നടപടികൾ സ്വീകരിച്ചു വരികയാണെന്ന് സഭയെ അറിയിച്ചു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ടെന്നും സാങ്കേതിക പ്രശ്നങ്ങൾമൂലം നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. എറണാകുളത്ത് പ്രവർത്തിച്ചിരുന്ന റെയിൽവേയുടെ ലെയ്സൺ ഓഫീസ് പുന:സ്ഥാപിക്കുമെന്ന്

കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടെന്നും ശബരി റെയിൽപ്പാത, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈൻ, തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽപ്പാത എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്നും മുല്ലപ്പെരിയാർ വിഷയത്തിൽ കേന്ദ്ര സർക്കാർ ഇടപെടുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക പരമാവധി വിനിയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ആർ.സി.സി. നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായും തലശ്ശേരിയിലെ മലബാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആർ.സി.സി.യായും മാറ്റണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എറണാകുളത്ത് കാൻസർ ചികിത്സാ ആശുപത്രിയും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതാണെന്നും കാൻസർ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെയും ചികിത്സാ സഹായം ലഭ്യമാക്കുന്നുണ്ടെന്നും എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നുണ്ടെന്നും അവരുടെ കടം എഴുതിത്തള്ളുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു. 49 കോടി രൂപയുടെ പദ്ധതിയായ തങ്കശ്ശേരി തുറമുഖത്തിന്റെ മൂന്നാംഘട്ട വികസനത്തിനുള്ള കേന്ദ്രവിഹിതം 40 ശതമാനമായി വെട്ടിക്കുറച്ചിരിക്കുകയാണെന്നും പുതിയ

കേന്ദ്രനയമാണ് തുടർ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നതെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി അറിയിച്ചു.

**അടിയന്തര ചോദ്യം**

റോഡ് അപകട നിവാരണ കമ്മീഷൻ റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)നൽകിയ മറുപടിയിൽ, റോഡ് അപകട നിവാരണ കമ്മീഷൻ സമർപ്പിച്ച 36 നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ട് പരിശോധിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള പ്രായപരിധി പുരുഷന്മാർക്ക് ഇരുപതും സ്ത്രീകൾക്ക് ഇരുപത്തിയൊന്നും വയസ്സായി നിശ്ചയിക്കുകയും സ്കൂൾ വിദ്യാർത്ഥികളുടെ വാഹനങ്ങളിൽ 'സ്റ്റുഡന്റ്സ് വെഹിക്കിൾ' എന്ന സ്റ്റിക്കർ പതിപ്പിക്കുകയും ചെയ്യുക;

അഞ്ച് വർഷത്തെ ഡ്രൈവിംഗ് പരിചയം ലഭിച്ചതിനുശേഷം മാത്രം ദേശീയപാതകളിൽ വാഹനം ഓടിക്കാൻ അനുവദിക്കുക;

ദേശീയപാതകൾ നാലുവരി പാതകളും സംസ്ഥാന പാതകൾ രണ്ടുവരി പാതകളുമാക്കുക;

പൊതുനിരത്തുകളിൽ പരമാവധി വേഗത സൂചിപ്പിക്കുന്ന സൈൻ ബോർഡ്

പ്രദർശിപ്പിക്കുക;

നിരത്തുകൾതോറും വാഹനങ്ങൾ ഓടിക്കാവുന്ന വേഗത അറിയിക്കുന്നതിനുള്ള 'വി.എം.എസ്' സിസ്റ്റം ഉപയോഗിക്കുക;

കാലവർഷാരംഭത്തിന് മുമ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുക;

ചെറിയ റോഡ് പ്രധാന റോഡുമായി ചേരുന്ന സ്ഥലങ്ങളിൽ ഹമ്പുകൾ നിർമ്മിക്കുക;

ഡ്രൈവർമാരുടെ കാഴ്ച തടസ്സപ്പെടുത്തുന്ന രീതിയിലുള്ള പരസ്യങ്ങൾ സ്ഥാപിക്കാതിരിക്കുന്നതിനും സ്ഥാപിച്ചവ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക;

പൊതുനിരത്തുകളിൽ യാത്രയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള വൃക്ഷ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിനും അപകടങ്ങൾക്ക് കാരണമാകുന്ന തരത്തിലുള്ള വൃക്ഷങ്ങൾ നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക;

കാൽനടയാത്രക്കാർക്കും വാഹന ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്ന രീതിയിലുള്ള കാണിക്കവഞ്ചികൾ, കൊടിമരങ്ങൾ എന്നിവ നീക്കം ചെയ്യുക;

സ്കൂൾ/കോളേജ് പാഠ്യപദ്ധതിയിൽ ട്രാഫിക് നിയമങ്ങൾ, റോഡ് സുരക്ഷാ സന്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തുക;

ബസ് സ്റ്റോപ്പിനോടു ചേർന്ന് 'ബസ് ബേ' നിർമ്മിക്കുക;

ജംഗ്ഷനുകളിൽ നിന്നും കുറഞ്ഞത് 250 മീറ്റർ അകലെ 'ബസ് ബേ' നിർമ്മിക്കുക;

റോഡിന്റെ വശങ്ങളിൽ മാലിന്യവസ്തുക്കൾ, നിർമ്മാണസാമഗ്രികൾ എന്നിവ നിക്ഷേപിക്കുന്നത് തടയുക;

അപകടസാദ്ധ്യതാ സ്ഥലങ്ങളിൽ 'ഇലക്ട്രോണിക് ഫ്ളാഷ്' മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക;

റോഡ് നിയമം ലംഘിക്കുന്നവരിൽ നിന്നും പിഴ ഈടാക്കുന്നതിന് ആധുനിക ഇലക്ട്രോണിക് സംവിധാനം ഉപയോഗപ്പെടുത്തുക;

ട്രാഫിക് മാനേജ്മെന്റിന് ആധുനിക ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ സംവിധാനം ഏർപ്പെടുത്തുക;

മോട്ടോർ വാഹന നിയമങ്ങൾ ലംഘിക്കുന്നവർക്ക് നിലവിലുള്ള പിഴയും ശിക്ഷയും വർദ്ധിപ്പിക്കുക;

അപകടത്തിനുശേഷം ഓടിമറയുന്ന ഡ്രൈവർമാർക്കെതിരെ കുറ്റം ചുമത്തുക;

ഒരു ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇരുചക്രവാഹനം മറ്റൊരു ജില്ലയിൽ പ്രവേശിക്കാൻ പ്രത്യേക അനുവാദം നേടണമെന്ന് നിഷ്കർഷിക്കുക;

ഇരുചക്ര വാഹനങ്ങളുടെ പരമാവധി വേഗത 40-50 കിലോമീറ്ററായി നിജപ്പെടുത്തുക;

ഭടന്മാർ, പോലീസ്, ഫയർഫോഴ്സ്, റോഡ് സുരക്ഷാ സേന എന്നിവർക്ക് മാത്രമായി അതിവേഗ ഇരുചക്രവാഹനങ്ങൾ നിജപ്പെടുത്തുക;

എല്ലാ വാഹനങ്ങളിലും GPS & RFID സംവിധാനം ഏർപ്പെടുത്തുക;

പെട്രോൾ ബങ്കുകൾ അറിയിക്കുന്നതിനുള്ള സൈൻ ബോർഡുകൾ സ്ഥാപിക്കുക;

എല്ലാ വാഹനങ്ങളിലും 'ഡാഷ് ബോർഡ്' ക്യാമറ നിർബന്ധമാക്കുക;

വാഹനങ്ങളിൽ ഹാലജൻ ലൈറ്റുകൾ ഘടിപ്പിക്കുന്നത് കുറ്റകരമാക്കുക;

വാഹനങ്ങളുടെ ഇനമനുസരിച്ച് ഹോൺ ഘടിപ്പിക്കുന്നത് ക്രമീകരിക്കുക;

വാഹനങ്ങളുടെ ഹെഡ് ലൈറ്റുകൾ പകുതി കറുത്ത പെയിന്റ് ചെയ്യുക;

ടിപ്പർ ലോറികളിൽ സ്പീഡ് ഗവർണേഴ്സ് സ്ഥാപിക്കുക;

ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക;

ബസ്സുകളിലും ലോറികളിലും മുൻ-പിൻ ഭാഗങ്ങളിൽ രണ്ടടി ഉയരത്തിൽ 'ഷോക്ക് അബ്സോർബർ' സ്ഥാപിക്കുക;

മദ്യപിച്ച് വാഹനം ഓടിക്കുന്നതും പ്രായപൂർത്തിയാകാത്തവർ വാഹനം ഓടിക്കുന്നതും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് അധികാരം നൽകുന്ന ചട്ടങ്ങൾ രൂപീകരിക്കുക;

ഇൻഷുറൻസ് എടുത്തതിനുശേഷം മാത്രം വാഹനങ്ങളുടെ പെർമിറ്റ് പുതുക്കി നൽകുക;

നഗരങ്ങളിൽക്കൂടി കടന്നുപോകുന്ന ദേശീയ പാതകൾക്ക് 'സബ് വേ' നിർമ്മിക്കുക;

രാത്രികാലങ്ങളിൽ വാഹനത്തിന്റെ ലൈറ്റ് 'ഡിം' ചെയ്യുന്നത് നിർബന്ധമാക്കുക;

സ്കൂൾ പരീക്ഷകളിലും ജോലിക്കുള്ള പരീക്ഷകളിലും റോഡ് സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച് അഞ്ചു മാർക്കിനുള്ള ചോദ്യങ്ങളെങ്കിലും ഉൾപ്പെടുത്തുക.

വിവിധ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് റോഡപകടങ്ങൾ കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ട്രാഫിക് റഗുലേറ്ററി കമ്മിറ്റികൾ പ്രവർത്തനസജ്ജമാക്കുന്നതാണെന്നും ഉപചോദ്യത്തിന്

മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3500 മുതൽ 3844 വരെയുള്ള ചോദ്യങ്ങളിൽ 165 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)